# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2914** **10.03.2017 ൽ മറുപടിക്ക്**

## പി.ഡബ്ള്യൂ.ഡി. റെസ്റ്റ് ഹൗസുകൾ വകുപ്പ് തല ഉദ്യോഗസ്ഥരുടെ യോഗത്തിന് സൗജന്യമായി ലഭ്യമാക്കുന്നതിന് നടപടി

| ചോദ്യം<br>ശ്രീ.ആന്റണി ജോൺ | ഉത്തരം<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) മണ്ഡലത്തിലെ വകുപ്പ് തല ഉദ്യോഗസ്ഥരുടെ യോഗം എം.എൽ.എ പി.ഡബ്ള്യൂ.ഡി. റെസ്റ്റ് ഹൗസിൽ വിളിച്ചു ചേർക്കുന്നതിന് വാടക ഈടാക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിയമസഭാ സാമാജികരുടെ ഔദ്യോഗിക കൃത്യ നിർവഹണത്തിന്റെ ഭാഗമായി വിളിച്ചു ചേർക്കുന്ന അവലോകന യോഗങ്ങൾ ചേരുന്നതിനായി പൊതുമരാമത്ത് വകുപ്പ് റസ്റ്റ് ഹൗസുകളിലെ കോൺഫറൻസ് ഹാൾ നിലവിലുള്ള വാടകയുടെ 50% നിരക്കിൽ അനുവദിച്ച് 05.11.2015 ലെ സ.ഉ.(കൈ)നം. 88/2015/പൊ.മ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. |
| (ബി) സർക്കാരിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് സർക്കാർ പ്രതിനിധിയായ എം.എൽ.എ. വകുപ്പ് തല ഉദ്യോഗസ്ഥരുടെ യോഗം വിളിക്കുന്നതിന് സർക്കാർ റെസ്റ്റ് ഹൗസുകൾ സൗജന്യമായി എം.എൽ.എ മാർക്ക് ലഭ്യമാക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ? | (ബി) നിലവിൽ പരിഗണനയിലില്ല. കാരണം മറ്റ് ആവശ്യങ്ങൾക്ക് കൂടി മുറികൾ ലഭ്യമാക്കേണ്ടതുണ്ട്. |

Amaden

**സെക്ഷൻ ഓഫീസർ**